# പന്തപ്ലാക്കൽ കുടുംബസംഗമം

## 12-ാം സമ്മേളന റിപ്പോർട്ട്.

Date: 09-11-2013

### പി.എം.ചാക്കോ, കാഞ്ഞിരമറ്റം, പാലാ

പഴയ തലമുറയിൽ നിന്നും ദീപ ശിഖ ഏറ്റുവാങ്ങി ചരിത്രത്തിന്റെ ഏറ്റവും വലിയ പരിവർത്തനങ്ങളുടേതായ ഈ നൂറ്റാണ്ടിൽ ജീവിക്കുവാൻ ഭാഗ്യം ലഭിച്ചവരാണ് നാം ഓരോരുത്തരും. വിഭജിതമായി കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ സ്നേഹവും ഐക്യവും കൂട്ടായ്മയും അസാദ്ധ്യമായിരിക്കുന്നു. കടന്നു പോയ തലമുറ കൈമാറിതന്ന ദീപശിഖ അണയാതെ പ്രൊജ്വലിപ്പിക്കുവാൻ. ദൈവസ്നേഹത്തിന്റെ അനുഭവ സാന്ദ്ര മായ സാന്നിദ്ധ്യം പന്തപ്ലാക്കൽ കുടുംബങ്ങൾ അനുഭവിച്ചറിയുന്നത് അവർ സ്നേഹത്തിന്റെ കൂട്ടായ്മയിൽ ഒരുമിക്കുന്ന വാർഷികസമ്മേളനങ്ങളിലൂടെയാണ്. നാളുകൾ നല്ല അനുഭവങ്ങളായി കടന്നു പോയിക്കൊണ്ടിരിക്കുമ്പോൾ സ്വന്തം നാടിനേയും നാട്ടുകാരെയും ബന്ധുമിത്രാദികളേയും വിട്ട് അകലങ്ങളിലേക്ക് യാത്ര ചെയ്ത് ചെന്നെത്തിയ മണ്ണിൽ ജീവിതസ്വപ്നങ്ങൾ നെയ്ത് കൂട്ടുമ്പോൾ രക്തബന്ധത്തിനും സ്നേഹബന്ധത്തിനും അകലം വർദ്ധിക്കുന്നു. ഇവിടെ നാൾ വഴികളിൽ ഇടം കണ്ടെതതി ചരിത്രമായിമാറിയ ചില മുഹൂർത്തങ്ങൾ, പന്തപ്ലാക്കൽകുടുംബത്തിന്റെ 12-ാം വാർഷിക സമ്മേളനങ്ങൾ. വിദൂരങ്ങളിൽ ചിതറിക്കിടക്കുന്ന നമമുടെ കുടുംബാംഗങ്ങളെ വർഷത്തിൽ ഒരിക്കൽ ഒന്നിച്ചു ചേർക്കുന്ന ശ്രമകരമായ ഈ സംരംഭം ഓരോ വർഷം കഴിയുമ്പോഴും കൂടുതൽ പൂർണ്ണത കൈവരിച്ചുകൊണ്ടിരിക്കുകയാണ് എന്ന് നമുക്ക് അഭിമാനത്തോടെ പറയുവാൻ സാധിക്കും.അകലങ്ങളിൽ നഷ്ടമായിരുന്ന നമ്മുടെ കുടുംബ ബന്ധങ്ങൾ വീണ്ടെടുക്കുവാൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം.

### 12-ാം വാർഷിക സമ്മേളനം

2013 നവംബർ 9 ശനിയാഴ്ച പാലാ കാഞ്ഞിരമറ്റത്ത് പി.എം ചാക്കോ യുടെ ഭവനത്തിൽ നടന്ന 12-ാം വാർഷികസമ്മേളനത്തിൽ 128 കുടുംബങ്ങളിൽ നിന്നായി 412 കുടുംബാംഗങ്ങൾ പങ്കെടുത്തു. രാവിലെ 7 മണിക്ക് കാഞ്ഞിരമറ്റം മാർ ശ്ലീവാ പള്ളിയിൽ പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ രക്ഷാധികാരി ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ മൺ മറഞ്ഞ കുടുംബാംഗങ്ങളുടെ അനുസ്മരണാർത്ഥം ദിവ്യബലിയർപ്പിച്ച് സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പി.എം. ചാക്കോയുടെ ഭവനത്തിൽ നടന്ന 12-ാ മതു കുടുംബ യോഗ വാർഷികത്തിന്റെ ഔപചാരികമായ ഉൽഘാടനം മെത്രാൻ അഭിവന്ദ്യനായ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ കുടുംബയോഗ പ്രസിഡന്റ് ശ്രീമാൻ ബേബി പന്തപ്ലാക്കൽ കുപ്പായക്കോട്ട് നിർവഹിച്ചു. കുടുംബയോഗ രക്ഷാധികാരി ഫാ. തോമസ് പന്തപ്ലാക്കൽ അനുസ്മരണ സന്ദേശവും നൽകി. കാഞ്ഞിരമറ്റം മാർ ശ്ലീഹാ പള്ളി വികാരി റവ. ഫാ. ജോൺ പൊതിയീട്ടിൽ, അസി. വികാരി റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ, അകലക്കുന്നം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി തോമസ് തെക്കേമുറിയിൽ, ളാലം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ആനിയമ്മ പന്തപ്ലാക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ജോസ് മാസ്റ്റർ ചെറ്റുതോട് സ്വാഗതവും ജോസ് കല്ലാനോട്

നന്ദിയും അർപ്പിച്ചു. തുടർന്ന് കുടുംബ കൂട്ടായ്മ കാലഘട്ടത്തിന്റെ ആവശ്യമെന്ന വിഷയത്തിൽ മലയാള മനോരമ ഡപ്യൂട്ടി ജനറൽ മാനേജർ ശ്രീ സിറിയക് പാറ്റാനി ക്ലാസ് നയിച്ചു. തുടർന്ന് കുട്ടികളും മുതിർന്നവരും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

ഉച്ചക്ക് ശേഷം നടന്ന പൊതു സമ്മേളനത്തിൽ ദീർഘ കാലമായി എല്ലാവരും സ്വപ്നം കണ്ടിരുന്ന വലിയ അനുഗ്രഹത്തിന്റെ സാക്ഷാൽകാരം പന്തപ്ലാക്കൽ കുടുംബ യോഗ വെബ്സൈറ്റ് www.panthaplackal .com ശ്രീ ജോസ് കെ മാണി M P ഉത്ഘാടനം ചെയ്തു ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി ആതിഥേയ കുടുംബത്തിലെ 95-ാം പിറന്നാൾ ആഘോഷിച്ച മത്തായിപാപ്പനേയും പതിനൊന്ന് വർഷക്കാലം പന്തപ്ലാക്കൽ കുടുംബയോഗത്തിന് അദ്ധ്യക്ഷ പദം അലങ്കരിച്ച പ്രസിഡന്റ് ശ്രീ പി.റ്റി. ജോസഫിനേയും പത്തു വർഷക്കാലം കുടുംബയോഗത്തിന്റെ സെക്രട്ടറിയായി നിസ്വാർത്ഥ സേവനം ചെയ്ത ശ്രീ പി.ജെ ചെറിയാൻ മാസ്റ്ററേയും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും M B B S നു 2 -ാം റാങ്ക് കരസ്ഥമാക്കിയ കുമാരി ട്രീസാ ജോൺ പന്തപ്ലാക്കലിനേയും പൊന്നാട അണിയിച്ച് ആദരിച്ചു. ആവേശകരമായി തിരുവിതാംകൂർ - മലബാർ പുരുഷ വനിതാ ടീമുകൾ തമ്മിൽ നടത്തിയ വടം വലി മത്സരത്തിൽ മലബാറിൽ നിന്നുള്ള പുരുഷ വനിതാ ടീമുകൾ വിജയികളായി. ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ വടംവലി മത്സരത്തിലെ വിജയികൾക്കും വിവിധ മേഖലകളിൽ അർഹരായ കുടുംബാംഗങ്ങൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്ത് പൊന്നാട അണിയിച്ച് ആദരിച്ച് അഭിനന്ദിക്കുകയും ചെയ്തു.

കുടുംബയോഗ ജോയിന്റ് സെക്രട്ടറി റിജുമോൻ പന്തപ്ലാക്കലിന്റെ നന്ദി പ്രകടനത്തോടെ 12-ാം സമ്മേളനം പൂർണ്ണമായി. 12-ാം സമ്മേളനം വൻ വിജയകരമാക്കാൻ കഠിനാധ്വാനം ചെയ്ത ശ്രീ. ജോസ് മാസ്റ്റർ ചേറ്റുതോട്, ശ്രീ മാത്തുക്കുട്ടി പന്തപ്ലാക്കൽ പൈക, ശ്രീ ജോസ് പി.ജെ ഇളങ്ങുളം എന്നിവരേയും സമ്മേളനത്തിന്റെ മുഴുവൻ ചിലവുകളും വഹിച്ച് ആതിഥേയത്വം വഹിച്ച ശ്രീ പി.എം. ചാക്കോയേയും കുടുംബാംഗങ്ങളേയും സമ്മേളനത്തിന് സമ്മാനങ്ങൾ സ്പോൺസർ ചെയ്ത ഗാബ്രി അലുമിനിയം കമ്പനി ഉടമ ശ്രീ ജോഷി. പി.മാത്യൂവിനും ഹൃദയപൂർവ്വമായ നന്ദി അർപ്പിക്കുന്നു.

## പന്തപ്ലാക്കൽ വെൽഫെയർ ഫണ്ട്

പന്തപ്ലാക്കൽ കുടുംബ വെബ് സൈറ്റിന്റെ സാമ്പത്തിക ആവശ്യത്തിലേക്കായി 14-09-2014 മുതൽ വെൽഫെയർ ഫണ്ടിന് ആരംഭം കുറിച്ചു. 20 മെമ്പർമാർ ഇതിൽ അംഗങ്ങളായി ചേർന്നു. മാത്യുകുട്ടി പന്തപ്ലാക്കൽ വീർപാടും, സന്തോഷ് പന്തപ്ലാക്കൽ അണുങ്ങോടും ഇതിന് നേതൃത്വം നൽകുന്നു.

## കുടുംബ വെബ് സൈറ്റ്

9-11-2013 ൽ രൂപീകൃതമായ കുടുംബ വെബ്സൈറ്റിൽ 82 കുടുംബങ്ങളുടെ വിവരങ്ങൾ ഇതിനകം പൂർണ്ണമായി ശേഖരിക്കാൻ സാധിച്ചു.

## എക്സിക്യൂട്ടീവ് കമ്മിറ്റി

08-02-2014 ന് പശുക്കടവിലുള്ള ശ്രീ ഷൈജി ജോയിയുടെ ഭവനത്തിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ 11 അംഗങ്ങൾ പങ്കെടുത്തു. 12-ാം സമ്മേളനം വിലയിരുത്തി. എല്ലാ കുടുംബങ്ങൾക്കും ക്രിസ്തുമസ് ആശംസാ സന്ദേശം  അയക്കാൻ തീരുമാനിച്ചു..

13-04-2014 ന് കല്ലാനോട് ശ്രീ ജോസ്  പന്തപ്ലാക്കൽ ന്റെ ഭവനത്തിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ 16 അംഗങ്ങൾ പങ്കെടുത്തു. പ്രധാനമായി പന്തപ്ലാക്കൽ വെൽഫയർ ഫണ്ടിന്റെ നിയമാവലി രൂപീകരിച്ചു.

14-09-2014 ന് പൈസക്കരിയിൽ ശ്രീ ജോസ് തോമസിന്റെ ഭവനത്തിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ 19 അംഗങ്ങൾ പങ്കെടുത്തു. പന്തപ്ലാക്കൽ വെൽഫെയർ ഫണ്ട് ഉത്ഘാടനം ചെയ്തു. 13-ാം വാർഷിക സമ്മേളനത്തിനു വേണ്ട ക്രമീകരണങ്ങൾ ആലോചിച്ചു  തീരുമാനിച്ചു.

## അഭിനന്ദനങ്ങൾ ഭാവുകങ്ങൾ

മലബാറിന്റെ വികസന സ്വപ്നങ്ങൾക്ക് സാക്ഷാത്കാരം നൽകിയ തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപൊലീത്ത ആയി നിയമിതനായിരിക്കുന്ന അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിനും 15 വർഷക്കാലം തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിനും പന്തപ്ലാക്കൽ കുടുംബാംഗങ്ങളുടെ പ്രാർത്ഥനാ മംഗളങ്ങളും ആശംസിക്കുന്നു.

## ആദരാഞ്ജലികൾ

2013 മെയ് 1-ാം തീയതി നിര്യാതയായ മറിയാമ്മ വർക്കി പന്തപ്ലാക്കൽ തമ്പലക്കാട്, 2014 മാർച്ച് 20-ാം തീയതി നിര്യാതയായ പി വി മാത്യൂ പന്തപ്ലാക്കൽ പാലാ. 2014 ആഗസ്റ്റ് 16-ാം തീയതി നിര്യാതനായ ഏലിയാമ്മ വർക്കി പന്തപ്ലാക്കൽ കുന്നംകൈ എന്നിവർക്ക് പന്തപ്ലാക്കൽ കുടുംബാംഗങ്ങളുടെ ആദരാഞ്ജലികൾ.

20-11-2014 ന്  നമ്മിൽ നിന്നും വേർപിരിഞ്ഞിട്ട് 4 വർഷം തികയുന്ന തിരുഹൃദയ സന്യാസിനി സമൂഹാംഗം സിസ്റ്റർ ജെരാദ് പന്തപ്ലാക്കൽ ആതിഥേയ കുടുംബാംഗമാണ്. സിസ്റ്ററിന്റെ സ്മരണക്ക് മുൻപിൽ പന്തപ്ലാക്കൽ കുടുംബാംഗങ്ങളുടെ ആരാഞ്ജലികൾ.

## ഉപസംഹാരം

സഞ്ചരിച്ചതിനേക്കാൾ ഏറെ ദൂരം സഞ്ചരിക്കാനുണ്ട് എന്ന ഉത്തമ ബോദ്ധ്യത്തോടെ പന്തപ്ലാക്കൽ കുടുംബയോഗം 13-ാം വർഷത്തിലൂടെ കടന്നു പോകുമ്പോൾ നമ്മുടെ പ്രവർത്തനങ്ങളിലും വളർച്ചയിലും നാം നന്ദിയോടെ സ്മരിക്കേണ്ട നിരവധിയായ ആളുകളുണ്ട്. നമ്മുടെ പ്രവർത്തനങ്ങളിൽ താങ്ങും തണലുമായി നിന്ന് പിതൃസ്നേഹത്തോടെ നമ്മെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ഉപദേശിക്കുകയും ശാസിക്കുകയും ചെയ്യുന്ന നമ്മുടെ രക്ഷാധികാരി റവ.ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ നമ്മുടെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹായ സഹകരണങ്ങൾ നൽകുന്ന മുൻ പ്രസിഡന്റ് ശ്രീ പി. റ്റി ജോസഫ് മുൻ സെക്രട്ടറി ശ്രീ. പി.ജെ ചെറിയാൻ മാസ്റ്റർ,മുൻ വൈസ് പ്രസിഡന്റ് ഔസേപ്പച്ചൻ സാർ, മുൻ ജോയിന്റ് സെക്രട്ടറി പി.വി.ജോർജ്ജ്, എന്നിവരോടുള്ള ഹൃദയപൂർവ്വമായ നന്ദി അർപ്പിക്കുന്നു.

മൺമറഞ്ഞുപോയ പൂർവീകരായ കുടുംബാംഗങ്ങളുടെ പാവന സ്മരണക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ചരിത്രപരമായ ഉത്തരവാദിത്വം നിറവേററാൻ സർവ്വ ശക്തനായ ദൈവം നമ്മുടെ പാതകളിൽ വിളക്കായി പ്രകാശിച്ച് നമ്മെ നയിക്കട്ടെയെന്ന പ്രാർത്ഥനയോടെ പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ 2013–2014 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

എന്ന്

പന്തപ്ലാക്കൽ കുടുംബയോഗത്തിനു വേണ്ടി

സെക്രട്ടറി ജോസ് കല്ലാനോട്